LIBRARY ARCHIVES Kerala Legislative Assembly

നിരക്കിൽ ധനസഹായം നൽകിക്കൊണ്ട് 500 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കുരുമുളകിന്റെ 20 വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുന്നതിന് നഴ്സറിയൊന്നിന് 30,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് 6 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം എന്ന പദ്ധതി ഘടകം മുഖേന, കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് ഹെക്ടറിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകിക്കൊണ്ട് 2000 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വയനാട് ജില്ലയുടെ കാർഷികമേഖലയുടെ പുനരുദ്ധാരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുരുമുളകിന്റെ കൃഷി പ്രോൽസാഹനത്തിനായി 500 ലക്ഷം രൂപ വകയിരുത്തിക്കൊണ്ട് വയനാട് ജില്ലയിൽ സംയോജിത കുരുമുളക് കൃഷി വികസനം നടപ്പിലാക്കുന്നു. ഇതിൽ പുതുതായി കുരുമുളക് കൃഷി ചെയ്യുന്നതിന് ധനസഹായം (300 ഹെക്ടറിൽ പദ്ധതി നടപ്പാക്കുന്നതിന് 60 ലക്ഷം രൂപവകയിരുത്തിയിരിക്കുന്നു), കുരുമുളകിന്റെ സമഗ്രവികസനത്തിന് ധനസഹായം (1800 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ 360 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു), കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുന്നതിന് ധനസഹായം (4 നഴ്സറികൾക്കായി 1.2 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു), ജൈവ കീടനാശിനി, സൂക്ഷ്മമൂലകങ്ങൾ എന്നിവയ്ക്ക് ധനസഹായം (2730 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് 54.6 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു), ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ നടപ്പിലാക്കുന്നതിന് ധനസഹായമായി 4.2 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പുതിയ സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കുന്നതിനുള്ള പ്രദർശനതോട്ടങ്ങൾക്ക് ധനസഹായം (40 പ്രദർശനതോട്ടത്തിന് 4 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു), കുരുമുളക് സമിതികളുടെ ശാക്തീകരണത്തിന് ധനസഹായം (140 സമിതികളുടെ ശാക്തീകരണത്തിന് 14 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ജില്ലാതല, ബ്ലോക്കുതല പ്രവർത്തനങ്ങൾക്കായി ധനസഹായം (2 ലക്ഷം രൂപ) എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്. മേൽപ്പറഞ്ഞ പദ്ധതികളെല്ലാം തന്നെ ഫലപ്രദമായി നടപ്പിലാക്കി വരുന്നതിനാൽ, കർഷകരെ ആകർഷിക്കാൻ പ്രസ്തുത പദ്ധതികൾക്ക് സാധിച്ചിട്ടുണ്ട്.

സമാശ്വാസ നിയമനം

76 (4464) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലർക്ക് ആയിരിക്കെ 28-2-2018-ന് മരണമടഞ്ഞ അരുൺ ആനന്ദിന്റെ ഭാര്യയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മരണമടഞ്ഞ അരുൺ ആനന്ദിന്റെ ഭാര്യ ശ്രീമതി മണിക്കുട്ടി എൻ.-ന്, 30-5-2019-ലെ സ.ഉ.(കൈ)നമ്പർ 68/2019/കൃഷി ഉത്തരവ് പ്രകാരം, കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിലവിലുള്ളതോ ഉണ്ടാകുന്നതോ ആയ ക്ലാർക്ക് തസ്തികയിലെ ഒഴിവിൽ, നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) നിയമനം നൽകുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായി ആവശ്യപ്പെട്ടിരിക്കുന്നവരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി മണിക്കുട്ടി എൻ. 16-ാം സ്ഥാനത്താണ്. ക്ലാർക്ക് തസ്തികയിൽ ആകെയുള്ള ഒഴിവിൽ, നിലവിലുള്ള ചട്ടപ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി പ്രത്യേകം നീക്കിവച്ചിട്ടുള്ള ഒഴിവനുസരിച്ച്, സീനിയോറിറ്റി പ്രകാരം ടിയാളുടെ ഊഴമെത്തുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്.

ഔഷധസസ്യ കൃഷി വ്യാപനം

77 (4465) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിന് കൃഷിവകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

&

(ബി) ഇതുപ്രകാരം ഔഷധസസ്യ തൈകൾ വീടുകൾതോറും സൗജന്യമായി വിതരണം ചെയ്യാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷത്തിൽ ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പ് ഫാമുകൾ മുഖേന ഔഷധ സസ്യങ്ങളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം, ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുള്ള വാണിജ്യ കൃഷി, സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥലങ്ങളിൽ ഔഷധ സസ്യകൃഷി, പ്രാഥമിക സംസ്കരണ യൂണിറ്റുകൾക്കുള്ള ധനസഹായം എന്നീ ഘടകങ്ങൾ നടത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഔഷധ സസ്യങ്ങൾ വീടുതോറും സൗജന്യമായി വിതരണം ചെയ്യുന്നതിന് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടില്ല.

(സി) കർഷകർ ഉല്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് ന്യായവില ലഭിക്കുന്നതിനായി ഔഷധിയുമായിചേർന്ന് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?